**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4676** **19-07-2022 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി.യുമായുള്ള ധാരണാപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി. എന്ന അമേരിക്കൻ കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പ് വച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി.യുമായി ഫിഷറീസ് വകുപ്പ് ധാരണാപത്രം ഒപ്പ വച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ നാല് മദർ ഷിപ്പുകളും 400 ട്രോളറുകളും നിർമ്മിക്കുന്നതിന് പ്രസ്തുത കമ്പനിയുടെ പ്രതിനിധികളുമായി ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി.യുമായി ഫിഷറീസ് വകുപ്പ് ധാരണാപത്രം ഒപ്പ വച്ചിട്ടില്ല. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ അമേരിക്കയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണോ ആഴക്കടൽ മത്സ്യബന്ധനത്തിനായി ഇ.എം.സി.സി. അസൻഡിൽ പദ്ധതി സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പ് മന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ ഔദ്യോഗികമായി ചർച്ചകളൊന്നും നടത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഫയലിന്റെ വിശദാംശം അറിയിക്കുമോയുള്ള ധാരണാപത്രം? | (ഡി) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി. ഒരു കൺസെപ്റ്റ് നോട്ട് സമർപ്പിച്ചിരുന്നു. ബി3 /219/2019/മ.ഇ.വ നമ്പർ ഫയലിൽ പ്രസ്തുത വിഷയം പരിശോധിക്കുകയും കമ്പനിയുടെ വിശ്വാസ്യതയെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനോട് ആവശ്യപ്പെടുകയും ഉണ്ടായി. കേന്ദ്ര സർക്കാർ ന്യൂയോർക്കിലെ കോൺസുലേറ്റ് ജനറലുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ അങ്ങനെ ഒരു കമ്പനി ഉള്ളതായി അറിയാൻ കഴിഞ്ഞില്ല |

| | | | |
|---|---|---|---|
| | | | എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ